"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - തിരുവനന്തപുരം നഗരസഭയ്ക്കുവേണ്ടി നിർമ്മിതി കേന്ദ്ര മുഖേന കുടുംബശ്രീയുടെ മേൽനോട്ടത്തിൽ മുട്ടത്തറയിൽ സ്ഥാപിച്ച പ്ലാസ്റ്റിക് ശേഖരണ യാർഡിന്റെയും ചുറ്റുമതിലിന്റെയും നിർമ്മാണം, വൈദ്യുതി ലൈൻ ഉയർത്തൽ എന്നീ പ്രവൃത്തികൾക്ക് ആകെ ചെലവായ 44,24,653/- രൂപ, 2019-2020 സാമ്പത്തിക വർഷത്തിലെ ശുചിത്വ മിഷന്റെ പ്ലാൻ സ്കീമായ ശുചിത്വ കേരളം (അർബൻ) പദ്ധതിയിൽ ഭരണാനുമതി നൽകിയിട്ടുള്ള അനുയോജ്യമായ ഘടകത്തിൽ നിന്നും കുടുംബശ്രീയ്ക്ക് അനുവദിച്ച് നൽകുന്നതിന് ശുചിത്വ മിഷന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്

G.O.(Rt)No.2651/2019/LSGD തീയതി,തിരുവനന്തപുരം, 24/11/2019

---

പരാമർശം:- 1 09.01.2018-ലെ സ.ഉ.(സാധാ.)നം. 91/2018/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ്

2 കുടുംബ ശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 22.03.2018-ലെ 772/D/2017/KSHO നമ്പർ കത്ത്

3 ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 08.11.2018-ലെ 3189/C2/14/SM നമ്പർ കത്ത്

4 05.08.2019-ലെ സ.ഉ(സാധാ) 1678/2019/തസ്വഭവ നമ്പർ ഉത്തരവ്

ഉത്തരവ്

തിരുവനന്തപുരം നഗരസഭയ്ക്കുവേണ്ടി മുട്ടത്തറയിൽ കുടുംബശ്രീയുടെ മേൽനോട്ടത്തിൽ നിർമ്മിതി കേന്ദ്ര മുഖേന നടപ്പിലാക്കിയ പ്ലാസ്റ്റിക് ശേഖരണ യാർഡിന്റെ നിർമ്മാണം, ചുറ്റുമതിൽ നിർമ്മാണം, വൈദ്യുതി ലൈൻ ഉയർത്തൽ എന്നിവയ്ക്ക് 44,24,653/- രൂപയുടെ ഭരണാനുമതി നൽകിയും, പ്രസ്തുത നിർമ്മാണവുമായി ബന്ധപ്പെട്ട് നിർമ്മിതി കേന്ദ്രയ്ക്ക് നൽകാനുള്ള ബാക്കി തുക (22,17,153/-രൂപ) "2217-80-800-71-സോളിഡ് വേസ്റ്റ് മാനേജ്മെന്റ് ഇൻ അർബൻ ഏര്യാസ്" എന്ന ശീർഷകത്തിൽ 2017-18 സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും അനുവദിക്കുന്നതിന് അനുമതി നൽകിയും പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു

2. പ്ലാസ്റ്റിക് ശേഖരണ യാർഡ് നിർമ്മാണം എന്ന പ്രോജക്റ്റ് നടപ്പിലാക്കുന്നതിന് പ്രൊജക്ടിന്റെ അമ്പതു ശതമാനം തുകയായ 22,07,500/- രൂപ ശുചിത്വ മിഷൻ അനുവദിക്കുന്ന മുറയ്ക്ക് കുടുംബശ്രീയുടെ പ്ലാൻ ഫണ്ടിലേക്ക് തിരികെ വകയിരുത്താൻ കഴിയും എന്നതിന്റെ അടിസ്ഥാനത്തിൽ കുടുംബശ്രീ പ്ലാൻ ഫണ്ടിൽ നിന്നും നിർമ്മിതി കേന്ദ്രയ്ക്ക് തുക മുൻകൂറായി നൽകിയിരുന്നു.

3. പരാമർശം (1) പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള ഭരണാനുമതി ഉത്തരവിൽ ആകെ 44,24,653/- രൂപയുടെ പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട് എങ്കിലും നിർമ്മാണവുമായി ബന്ധപ്പെട്ട് നിർമ്മിതി കേന്ദ്രയ്ക്ക് നൽകാനുള്ള ബാക്കി തുക (22,17,153/-രൂപ) ശുചിത്വ മിഷൻ ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് അനുമതി നൽകിയിരിക്കുന്നവെന്ന് പരാമർശിച്ചിരിക്കുന്നതിനാൽ മുൻകൂറായി കുടുംബശ്രീയുടെ പ്ലാൻ ഫണ്ടിൽനിന്നും നിർമ്മിതി കേന്ദ്രയ്ക്ക് നൽകിയിട്ടുള്ള തുക നൽകുവാൻ കഴിയില്ല എന്ന് ശുചിത്വ മിഷൻ അറിയിച്ചിട്ടുണ്ടെന്നും മേൽ സാഹചര്യത്തിൽ ഭരണാനുമതി നൽകിയിട്ടുള്ള മുഴുവൻ തുകയായ 44,24,653/- രൂപയും ശുചിത്വ മിഷൻ മുഖാന്തിരം "2217-80-800-71- സോളിഡ് വേസ്റ്റ് മാനേജ്മെൻറ് ഇൻ അർബൻ ഏര്യാസ്" എന്ന ശീർഷകത്തിൽ 2017-18 സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും കുടുംബശ്രീക്ക് അനുവദിച്ച കൊണ്ട് ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കണമെന്നും കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം (2) പ്രകാരം ആവശ്യപ്പെട്ടിരുന്നു.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തിരുവനന്തപുരം നഗരസഭയ്ക്കുവേണ്ടി നിർമ്മിതി കേന്ദ്ര മുഖേന കുടുംബശ്രീയുടെ മേൽനോട്ടത്തിൽ മുട്ടത്തറയിൽ സ്ഥാപിച്ച പ്ലാസ്റ്റിക് ശേഖരണ യാർഡിന്റെയും ചുറ്റുമതിലിന്റെയും നിർമ്മാണം, വൈദ്യുതി ലൈൻ ഉയർത്തൽ എന്നീ പ്രവൃത്തികൾക്ക് ആകെ ചെലവായ 44,24,653/- രൂപ, 2019-2020 സാമ്പത്തിക വർഷത്തിലെ ശുചിത്വ മിഷന്റെ പ്ലാൻ സ്കീമായ ശുചിത്വ കേരളം (അർബൻ) പദ്ധതിയിൽ പരാമർശം (4) പ്രകാരം ഭരണാനുമതി നൽകിയിട്ടുള്ള അനുയോജ്യമായ ഘടകത്തിൽ നിന്നും കുടുംബശ്രീയ്ക്ക് അനുവദിച്ച നൽകുന്നതിന് ശുചിത്വ മിഷന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MINI MOL D
JOINT SECRETARY

പകർപ്പ്

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, കേരള സ്റ്റേറ്റ് നിർമ്മിതി കേന്ദ്ര, പി.റ്റി.പി നഗർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by SMITHA B CHANDRA
Date: 2019.11.25 12:12:17 IST
Reason: Approved
സെക്ഷൻ ഓഫീസർ

പകർപ്പ്-

തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി എസ്-ന്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്